പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 444

21.03.2018 ൽ
മറുപടിക്ക്

**ഭരണ പരിഷ്കാര കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അൻവർ സാദത്ത് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ ഭരണസംവിധാനത്തിന്റെ ഘടനയും പ്രവർത്തനവും വിലയിരുത്തി ആയതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് നിലവിലുള്ള ഭരണപരിഷ്കാര കമ്മീഷൻ സർക്കാരിന് നൽകിയിട്ടുള്ളത്; ഇതിൽ ഏതൊക്കെ ശിപാർശകൾ സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി.; | എ) | വിജിലൻസ് സംവിധാനം പരിഷ്കരണം എന്ന കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാനത്ത് സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്തണം എന്നതാണ് പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ. ഇതു കൂടാതെ കമ്മീഷന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്റ്റേറ്റ് വിജിലൻസ് പോലീസ് സംവിധാനവും വിഭാവന ചെയ്യുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) ഭരണത്തിലെ കാലതാമസം, അഴിമതി, സ്വജനപക്ഷപാതം എന്നിവ ഒഴിവാക്കി ഫലപ്രദമായ ഭരണം കാഴ്ചവയ്ക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) യും (സി) യും | ഭരണ സംവിധാനത്തിന്റെ ഘടനയും പ്രവർത്തനവും വിലയിരുത്തി ആയതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള മറ്റ് പഠനങ്ങൾ കമ്മീഷൻ നടത്തി വരുന്നു. |
| സി) ഇതുമൂലം ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും കഴിഞ്ഞുവെന്ന് വിലയിരുത്തുന്നുണ്ടോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ